പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4385 — 13.11.2019-ൽ മറുപടിക്ക്

## ആറളം ഫാമിലെ പട്ടികവിഭാഗങ്ങളുടെ പുരോഗതിക്കായി സമഗ്ര വികസന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി. ദിവാകരൻ<br>,, ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ആറളം ഫാമിലെ പട്ടികവിഭാഗങ്ങളുടെ പുരോഗതിക്കായി സമഗ്ര വികസന പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) | ആറളം ആദിവാസി പുനരധിവാസ മേഖലയിലെ പട്ടികവർഗ്ഗക്കാരുടെ പുരോഗതിക്കായി നബാർഡ് ധനസഹായത്തോടെ സമഗ്രവികസനത്തിനായി വിവിധ പദ്ധതികൾ നടന്നു വരുന്നുണ്ട്. കൂടാതെ ടി ആർ ഡി എം ഫണ്ട് ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം, കിണർ നിർമ്മാണം ഉടങ്ങിയ പദ്ധതികളും, എസ്.സി.എ ടു ടി.എസ്.പി പദ്ധതിയിൽ ജീവനോപാധികൾക്കുള്ള പദ്ധതികളും കോർപ്പസ് ഫണ്ട് ഉപയോഗിച്ച് വിവിധ വികസന പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖാന്തിരം വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| ബി) | ആറളത്തെ വികസന പദ്ധതിയിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) | നബാർഡ് ഫണ്ട് ഉപയോഗിച്ച് ഹയർ സെക്കണ്ടറി കെട്ടിടം, ബോയ്സ് ഹോസ്റ്റൽ കെട്ടിടം, 5 കമ്മ്യൂണിറ്റി ഹാളുകൾ, 3 അംഗനവാടികൾ, ഫെൻസിങ്ങ്, വൈദ്യുതി ശൃംഖല, 2 എൽ.പി സ്കൂളുകൾ, 1 കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, 5 സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ, ഇന്റേർണൽ റോഡുകൾ, പാർശ്വഭിത്തി, ഓടന്തോട്, വളയഞ്ചാൽ എന്നീ സ്ഥലങ്ങളിൽ 2 കോൺക്രീറ്റ് പാലങ്ങൾ, ഹോമിയോ ഡോക്ടർ ക്വാർട്ടേഴ്സ്, പാൽസംഭരണ വിതരണ കേന്ദ്രം, അധ്യാപകർക്കുള്ള ക്വാർട്ടേഴ്സുകൾ, ആയുർവ്വേദ ഡിസ്പെൻസറി, കുടിവെള്ള വിതരണ ശൃംഖല, പമ്പ്, ടാങ്ക്, കൃഷി ഭവൻ, വെറ്റിനറി ഡിസ്പെൻസറി, സ്റ്റേഡിയം, ക്ലാസ്സ് മുറികൾ, ഓഡിറ്റോറിയം, കിണർ എന്നീ പദ്ധതികളും, കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി ഒരു മോഡൽ റസിഡൻഷ്യൽ സ്കൂളും നിർമ്മിക്കുന്നുണ്ട്. കൂടാതെ ടി ആർ ഡി എം ഫണ്ടുപയോഗിച്ച് ഭവന നിർമ്മാണം, വ്യക്തിഗത കിണർ നിർമ്മാണം ഉടങ്ങിയ പദ്ധതികളും നടപ്പാക്കി വരുന്നു. |

| | | | |
|---|---|---|---|
| സി) | ആറളം നിവാസികൾക്ക് വാസഗൃഹങ്ങൾ നിർമ്മിച്ച് നൽകുന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | സി) | സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന 361 വീട്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ മുഖേന നിർമ്മാണം ആരംഭിച്ച 1528 വീട്ടുകളിൽ 1250 വീട്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി വീട്ടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. |
| ഡി) | ആറളം പ്രദേശത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ; | ഡി) | നബാർഡ് ഫണ്ട് ഉപയോഗിച്ച് 38.02 കോടി രൂപയുടെ ആറളം പ്രദേശത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികൾ നടപ്പിലാക്കിവരുന്നു. 1161 വീട്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ ശല്യം ഒഴിവാക്കുന്ന തിനാവശ്യമായ മതിൽ കെട്ടുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. |
| ഇ) | പുനരധിവാസ മേഖലയിലെ വന്യമൃഗ ങ്ങളുടെ ശല്യം ഒഴിവാക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാ ക്കുമോ? | ഇ) | കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ ശല്യം ഒഴിവാക്കുന്നതിലേക്ക് നിലവിൽ 5 കിലോമീറ്റർ ദൂരം കരിങ്കൽ മതിലും 2.5 കിലോമീറ്റർ ട്രെഞ്ചും, 3 കിലോമീറ്റർ ദൂരത്തിൽ റെയിൽ ഫെൻസിംഗും നിലവിലുണ്ട്. നിലവിലുള്ള കരിങ്കൽ മതിൽ പൊളിച്ചും മറ്റും ആനകൾ അകത്തു കടന്ന് വ്യാപകമായ നാശ നഷ്ടങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് കരിങ്കൽ ഭിത്തി മതിൽ നിർമ്മിക്കുന്നതിന് വനമേഖല അതിർത്തി പങ്കിടുന്ന 10.5 കിലോമീറ്റർ മതിലും പുഴയോരങ്ങളിൽ അതിരു പങ്കിടുന്ന മറ്റ് രണ്ട് ഭാഗത്തിൽ ഒരു ഭാഗം 3 കിലോമീറ്റർ ദൂരത്തിൽ റെയിൽ ഫെൻസിംഗ് ചെയ്യുന്നതിനായി സമർപ്പി ച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. കൂടാതെ പുഴയോരത്തിന്റെ മറ്റൊരു ഭാഗം 3 കിലോമീറ്റർ ദൂരത്തിൽ നബാർഡ് ആർ ഐ ഡി എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി റെയിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ